REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 02-08-2025** **സമയം 06.45 AM**

## പ്രധാന വാർത്തകൾ

- **പ്രധാൻമന്ത്രി കിസാൻ സമ്മാൻ നിധിയുടെ 20-ാം ഗഡു പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് വാരാണസിയിൽ വിതരണം ചെയ്യും.**
- **2023 ലെ ദേശീയ ചലച്ചിത്ര പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു. 12-Th Fail മികച്ച ചിത്രം.**
- **കേരള ഫിലിം പോളിസി കോൺക്ലേവ് മുഖ്യമന്ത്രി പിണറായി വിജയൻ രാവിലെ തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യും.**
- **സംസ്ഥാനത്ത് വരും ദിവസങ്ങളിൽ കാലവർഷം ശക്തമാകുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്.**
- **ഇന്ത്യ - ഇംഗ്ലണ്ട് അഞ്ചാം ക്രിക്കറ്റ് ടെസ്റ്റിൽ രണ്ട് വിക്കറ്റിന് 75 റൺസെന്ന നിലയിൽ ഇന്ത്യ ഇന്ന് രണ്ടാം ഇന്നിംഗ്സ് പുനരാരംഭിക്കും.**

## വാർത്തകൾ വിശദമായി

പ്രധാൻമന്ത്രി കിസാൻ സമ്മാൻ നിധിയുടെ 20-ാം ഗഡു പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് വാരാണസിയിൽ വിതരണം ചെയ്യും. ഒൻപത് കോടി 70 ലക്ഷത്തിലേറെ കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് 2,000 രൂപ വീതമാണ് നേരിട്ട് കൈമാറുന്നത്. 20,500 കോടിയിൽപ്പരം രൂപ കർഷകരുടെ അക്കൗണ്ടുകളിലെത്തും. ഇതോടെ സമ്മാൻനിധിയിൽ വിതരണം ചെയ്ത തുക മൂന്ന് ലക്ഷത്തി 90,000 കോടി രൂപ കവിയും.

വാരണാസിയിൽ 2,200 കോടി രൂപയുടെ വികസനപദ്ധതികൾക്കും പ്രധാനമന്ത്രി തുടക്കമിടും. പൂർത്തിയായ ഏതാനും പദ്ധതികൾ നാടിന്

സമർപ്പിക്കുന്ന അദ്ദേഹം, ഒട്ടേറെ പുതിയ പദ്ധതികൾക്ക് തറക്കല്ലിടുകയും ചെയ്യും. റോഡ്, റെയിൽ, വൈദ്യുതി, കുടിവെള്ള വിതരണ പദ്ധതികൾ ഇവയിൽ ഉൾപ്പെടുന്നു.

✪✪✪

2023 ലെ ദേശീയ ചലച്ചിത്ര അവാർഡുകൾ പ്രഖ്യാപിച്ചു. മികച്ച ചലച്ചിത്രമായി 12 th Fail നെ തിരഞ്ഞെടുത്തു. ചമ്പലിലെ ഏറ്റവും ദരിദ്ര പശ്ചാത്തലത്തിൽ നിന്ന് IPS ഓഫീസറായി മാറിയ മനോജ് കുമാർ ശർമ്മയുടെ ജീവിതത്തെ ആസ്പദമാക്കി, വിധു വിനോദ് ചോപ്രയാണ് 12-th Fail സംവിധാനം ചെയ്തത്. ചിത്രത്തിലെ അഭിനയത്തിന് വിക്രാന്ത് മാസിയും, ജവാൻ എന്ന ചിത്രത്തിലെ പ്രകടനത്തിന് ഷാരൂഖ് ഖാനും മികച്ച നടൻ പുരസ്കാരം പങ്കുവെച്ചു. മിസിസ് ചാറ്റർജി V/s നോർവെ - യിലെ അഭിനയത്തിന് റാണി മുഖർജി മികച്ച നടിയായി.

ന്യൂസ് ഡെസ്ക്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ.

....(വോയ്സ്)...

ഉള്ളൊഴുക്ക് എന്ന മലയാള ചിത്രത്തിലെ അഭിനയത്തിന് ഉർവശിയും, 'വഷ് ' എന്ന ഗുജറാത്തി ചിത്രത്തിലെ പ്രകടനം മുൻനിർത്തി ജാനകി ബോഡിവാലയും മികച്ച സഹനടി പുരസ്കാരം പങ്കിട്ടു. പൂക്കാലം ചിത്രത്തിലെ അഭിനേതാവ് വിജയരാഘവനും, പാർക്കിംഗ് എന്ന ചിത്രത്തിലെ നടൻ MS ഭാസ്ക്കറും സഹനട പുരസ്കാരം പങ്കുവെച്ചു.

ക്രിസ്റ്റോ ടോമി സംവിധാനം ചെയ്ത ഉള്ളൊഴുക്ക് മികച്ച മലയാള ചിത്രമായി തിരഞ്ഞെടുത്തു. കേരള സ്റ്റോറി എന്ന ചിത്രത്തിലൂടെ സുദീപ്തോ സെൻ മികച്ച സംവിധായകനായി. നോൺ ഫീച്ചർ വിഭാഗത്തിൽ MK രാമദാസ് സംവിധാനം ചെയ്ത ' നെക്കൽ The cronicle of paddy Man' ന് പ്രത്യേക ജൂറി പരാമർശം ലഭിച്ചു. പൂക്കാലം എന്ന ചിത്രത്തിലൂടെ മിഥുൻ മുരളി മികച്ച എഡിറ്ററായി.

അനിമേഷൻ, വിഷ്വൽ എഫക്ട്സ്, ഗെയിമിംഗ് ആന്റ് കോമിക് വിഭാഗത്തിൽ ഹനുമാൻ ആണ് മികച്ച ചിത്രം. ഗിദ്ദ് ദ സ്കാവഞ്ചർ എന്ന ഹ്രസ്വ ചിത്രം മികച്ച ഷോർട്ട് ഫിലിമായി തിരഞ്ഞെടുത്തു. കരൺ ജോഹർ ചിത്രമായ 'റോക്കി ഔർ റാണി കി പ്രേം കഹാനി' ജനപ്രിയചിത്രമായി. ഫ്ലവറിംഗ് മാൻ എന്ന ചിത്രം മികച്ച നോൺ ഫീച്ചർ പുരസ്കാരം നേടി. 'ഗോഡ് വൾച്ചർ ആൻ ഹ്യൂമൻ' ആണ് മികച്ച ഡോക്യുമെന്ററി.

✪✪✪

ദേശീയ ചലച്ചിത്ര പുരസ്കാരങ്ങളിൽ മികച്ച നേട്ടമാണ് മലയാള സിനിമ സ്വന്തമാക്കിയതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. മികവുറ്റ സിനിമകളുമായി പുതിയ ഉയരങ്ങളിലേക്ക് കുതിക്കാൻ ഈ അവാർഡുകൾ മലയാള സിനിമയ്ക്ക് പ്രചോദനം പകരട്ടെ എന്ന് മുഖ്യമന്ത്രി ആശംസിച്ചു.

മലയാള സിനിമക്ക് ലഭിച്ച പുരസ്കാരങ്ങളിൽ മന്ത്രി സജി ചെറിയാനും പ്രതിപക്ഷ നേതാവ് V.D സതീശനും സന്തോഷമറിയിച്ചു. മലയാളത്തിലെ പ്രതിഭാധനരായ കലാകാരന്മാരുടെ കഠിനാധ്വാനത്തിനും സർഗാത്മകതയ്ക്കും ലഭിച്ച അംഗീകാരമാണിതെന്ന് സജി ചെറിയാൻ പറഞ്ഞു.

✪✪✪

കേരള ഫിലിം പോളിസി കോൺക്ലേവ് മുഖ്യമന്ത്രി പിണറായി വിജയൻ രാവിലെ തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യും. നിയമസഭാ സമുച്ചയത്തിലെ R ശങ്കരനാരായണൻ തമ്പി ലോഞ്ചിലെ ഉദ്ഘാടന ചടങ്ങിൽ ചലച്ചിത്ര താരങ്ങളായ മോഹൻലാൽ, സുഹാസിനി, സംവിധായകൻ മണിരത്നം എന്നിവർ മുഖ്യാതിഥികളാവും.

രണ്ട് ദിവസത്തെ കോൺക്ലേവിൽ സിനിമാ മേഖലയുമായി ബന്ധപ്പെട്ട ഒൻപത് വിഷയങ്ങൾ സമഗ്രമായി ചർച്ച ചെയ്യും. ജനാധിപത്യപരമായും പങ്കാളിത്ത സ്വഭാവത്തോടു കൂടിയും സിനിമാനയ രൂപീകരണം ലക്ഷ്യമിട്ടാണ് കോൺക്ലേവ് സംഘടിപ്പിക്കുന്നത്. സിനിമാനയം രൂപീകരിച്ച 17 സംസ്ഥാനങ്ങളിലെ പ്രതിനിധികളും, മന്ത്രിമാർ, രാജ്യാന്തര സിനിമാ പ്രൊഫഷണലുകൾ തുടങ്ങിയവരും ഉൾപ്പെടെ നിരവധി പ്രമുഖർ കോൺക്ലേവിൽ പങ്കെടുക്കും.

✪✪✪

മുണ്ടക്കൈ-ചൂരൽമല ദുരന്തത്തിൽ മരിച്ചവരെ സംസ്കരിച്ച പുത്തുമലയിൽ പൊതു പ്രാർത്ഥനാമന്ദിരം നിർമ്മിക്കാൻ ഗവൺമെന്റ് ഭരണാനുമതി നൽകി. ദുരന്തബാധിതരുടെ സൗജന്യ ചികിൽസാപദ്ധതി ഡിസംബർ 31 വരെ ദീർഘിപ്പിക്കാനും തീരുമാനിച്ചു. തുടർ ചികിൽസാ പദ്ധതിക്ക് ആറുകോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് അനുവദിച്ചിട്ടുണ്ട്.

✪✪✪

73 പ്രധാന റെയിൽവേ സ്റ്റേഷനുകളിലെ തിരക്ക് നിയന്ത്രണത്തിന് തൽസമയ തീരുമാനം എടുക്കാൻ അധികാരത്തോടെ സ്റ്റേഷൻ ഡയറക്ടർമാരെ നിയമിക്കുമെന്ന് റെയിൽവെ മന്ത്രി അശ്വിനി വൈഷ്ണവ് അറിയിച്ചു. വീതിയേറിയ കാൽനട മേൽപ്പാലങ്ങളും, സ്റ്റേഷനു പുറത്ത് സ്ഥിരം കാത്തിരിപ്പു

കേന്ദ്രങ്ങളും നിർമ്മിച്ച് സ്റ്റേഷനുകളിലെ തിരക്ക് നിയന്ത്രിക്കുമെന്നും അദ്ദേഹം രാജ്യസഭയെ അറിയിച്ചു.

തിരക്കും പ്രശ്നങ്ങളും കുറയ്ക്കുന്നതിന് പ്രധാന സ്റ്റേഷനുകളിൽ CC TV നിരീക്ഷണം, വാക്കി-ടോക്കികൾ, അനൗൺസ്മെന്റ് സംവിധാനങ്ങൾ, വാർ റൂമുകൾ എന്നിവ സജ്ജീകരിച്ചിട്ടുണ്ട്. സ്ഥിരീകരിച്ച ടിക്കറ്റുമായി മാത്രമേ യാത്രക്കാരെ പ്ലാറ്റ്ഫോമിലേക്ക് പ്രവേശിപ്പിക്കൂ എന്നും അശ്വിനി വൈഷ്ണവ് അറിയിച്ചു.

✪✪✪

അയർലണ്ടിൽ ഇന്ത്യൻ പൗരന്മാർക്ക് നേരെ ആക്രമണങ്ങൾ വർദ്ധിക്കുന്ന സാഹചര്യത്തിൽ ജാഗ്രത പാലിക്കണമെന്ന് ഇന്ത്യൻ എംബസി നിർദ്ദേശം നൽകി. അസമയത്ത് പുറത്തിറങ്ങുന്നതും, വിജന പ്രദേശങ്ങളിൽ പോകുന്നതും പരമാവധി ഒഴിവാക്കണമെന്നും മുന്നറിയിപ്പ് നൽകിയിട്ടുണ്ട്.

✪✪✪

ചലച്ചിത്ര നടനും മിമിക്രി താരവുമായ കലാഭവൻ നവാസ് അന്തരിച്ചു. അദ്ദേഹത്തിന് 51 വയസ്സായിരുന്നു. അഭിനയിച്ചു കൊണ്ടിരിക്കുന്ന പ്രകമ്പനം എന്ന സിനിമയുടെ ഷൂട്ടിംഗ് കഴിഞ്ഞ് ചോറ്റാനിക്കരയിലെ മുറിയിലേക്ക് പോയ നവാസിനെ മരിച്ച നിലയിൽ കണ്ടെത്തുകയായിരുന്നു.

ഡെസ്ക്ക് റിപ്പോർട്ട്

....(വോയ്സ്)...

മിമിക്രി വേദികളിലൂടെ മലയാളികൾക്ക് സുപരിചിതനായ കലാഭവൻ നവാസ് 1995 ൽ ചൈതന്യം എന്ന ചിത്രത്തിലൂടെയാണ് സിനിമയിലെത്തുന്നത്. ജൂനിയർ മാൻഡ്രേക്ക്, മീനാക്ഷി കല്യാണം, മാട്ടുപ്പെട്ടി മച്ചാൻ, മൈ ഡിയർ കരടി, വെട്ടം, ചട്ടമ്പിനാട്, കോബ്ര, എന്നിവയടക്കം നിരവധി ചിത്രങ്ങളിൽ അദ്ദേഹം അഭിനയിച്ചിട്ടുണ്ട്. ഡിറ്റക്റ്റീവ് ഉജ്ജ്വലൻ ആണ് അവസാനമായി തിയേറ്ററിലെത്തിയ ചിത്രം.

കലാഭവൻ നവാസിന്റെ നിര്യാണത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ അനുശോചനം അറിയിച്ചു. മിമിക്രിയിലൂടെ കലാരംഗത്തെത്തിയ അദ്ദേഹം ഹാസ്യാനുകരണകലക്ക് പുതിയ മാനങ്ങൾ നൽകി. പുരോഗമന, ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച കലാകാരൻ കൂടിയായിരുന്നു നവാസെന്നും മുഖ്യമന്ത്രി പറഞ്ഞു.

✪✪✪

സംസ്ഥാനത്ത് വരും ദിവസങ്ങളിൽ മഴ ശക്തമാകുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് മൽകി. ആലപ്പുഴ എറണാകുളം, ഇടുക്കി, തൃശൂർ ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്.

ലക്ഷദ്വീപ് തീരത്ത് നിന്ന് ചൊവ്വാഴ്ച്ച വരെ മീൻപിടുത്തക്കാർ കടലിൽ പോകരുതെന്നും മുന്നറിയിപ്പുണ്ട്.

✪✪✪

സ്വകാര്യമേഖലയിലെ തൊഴിലസവരങ്ങൾ എളുപ്പത്തിൽ ലഭ്യമാക്കുന്ന പുതിയ പോർട്ടൽ മന്ത്രി V ശിവൻകുട്ടി തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്തു. നാഷണൽ ഇൻഫർമാറ്റിക് സെന്ററുമായി സഹകരിച്ച് തൊഴിൽവകുപ്പാണ് പോർട്ടൽ വികസിപ്പിച്ചത്. സ്വകാര്യമേഖലയിലെ തൊഴിൽ ദാതാക്കളെയും, ഉദ്യോഗാർത്ഥികളെയും ഒരുമിപ്പിക്കാൻ പോർട്ടൽ സഹായിക്കുമെന്ന് മന്ത്രി അറിയിച്ചു.

✪✪✪

കൊരട്ടി  ഗാന്ധിഗ്രാം ഗവണ്മെന്റ് ത്വക്ക് രോഗാശുപത്രിയിൽ 17 കോടി രൂപ ചെലവിൽ  നിർമ്മിച്ച പുതിയ IP കെട്ടിടവും,  റീജിയണൽ ട്രെയിനിംങ്ങ് സെന്റർ ഹോസ്റ്റലും  മന്ത്രി വീണാ ജോർജ്ജ് ഉദ്ഘാടനം ചെയ്തു. പൊതുജനാരോഗ്യ സംവിധാനത്തെ  മികച്ച രീതിയിൽ മുന്നോട്ട് കൊണ്ടുപോകാനാണ്  ഗവൺമെന്റ് ശ്രമിക്കുന്നതെന്ന്  മന്ത്രി പറഞ്ഞു.

✪✪✪

ഇന്ത്യ - ഇംഗ്ലണ്ട്  പരമ്പരയിലെ അവസാന ക്രിക്കറ്റ് ടെസ്റ്റിൽ  രണ്ട് വിക്കറ്റിന് 75 റൺസെന്ന നിലയിൽ ഇന്ത്യ ഇന്ന് രണ്ടാം ഇന്നിംഗ്സ് പുനരാരംഭിക്കും. ഉച്ച കഴിഞ്ഞ് മൂന്നരയ്ക്കാണ് മത്സരം. ഇന്നലെ  ആദ്യ ഇന്നിങ്സിൽ ഇന്ത്യ ഇംഗ്ലണ്ടിനെ 247 റൺസിന് പുറത്താക്കി. ഇന്ത്യ ഒന്നാം ഇന്നിംഗ്സിൽ 224 റൺസ് എടുത്തിരുന്നു.

✪✪✪

മക്കാവോ ഓപ്പൺ ബാഡ്മിന്റൺ ടൂർണമെന്റ് സെമി ഫൈനൽ മൽസരങ്ങൾ ഇന്ന്. ഇന്ത്യൻ താരങ്ങളായ ലക്ഷ്യ സെൻ, തരുൺ മന്നെപ്പള്ളി  എന്നിവർ പുരുഷ സിംഗിൾസ് സെമിയിൽ പ്രവേശിച്ചു.  വനിതാ സിംഗിൾസ്  സെമി ഫൈനൽ മത്സരങ്ങളും ഇന്ന് നടക്കും.

✪✪✪

ഈ വർഷത്തെ അഖിലേന്ത്യാ സൈനിക് സ്കൂൾ ഹോക്കി ടൂർണമെന്റ് ചാമ്പ്യൻഷിപ്പിന് കഴക്കൂട്ടം  സൈനിക് സ്കൂൾ  അർഹമായി. 1961 ൽ

സ്ഥാപിതമായ ശേഷം ആദ്യമായാണ് കഴക്കൂട്ടം സ്കൂൾ ഹോക്കി കിരീടം നേടുന്നത്. അമരാവതി നഗർ സൈനിക സ്കൂളിലായിരുന്നു ടൂർണമെന്റ്.

✪✪✪

ഛത്തീസ്ഗഡിൽ കന്യാസ്ത്രീകൾ അറസ്റ്റിലായ സംഭവത്തിൽ ജാമ്യാപേക്ഷയെ പ്രോസിക്യൂഷൻ എതിർത്തു എന്ന വാർത്തകൾ അടിസ്ഥാനരഹിതമാണെന്ന് BJP സംസ്ഥാന ജനറൽ സെക്രട്ടറി അനൂപ് ആന്റണി പറഞ്ഞു. തെറ്റിദ്ധാരണ പരത്തി വസ്തുതകൾ വളച്ചൊടിക്കാൻ ചില കേന്ദ്രങ്ങൾ ശ്രമിക്കുന്നതിന്റെ ഫലമായാണ് മറിച്ചുവരുന്ന വാർത്തകളെന്ന് അനൂപ് ആന്റണി അറിയിച്ചു.

✪✪✪

സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയുടെ പതിനഞ്ചാം വാർഷികാഘോഷ പരേഡ് രാവിലെ ഒൻപതിന് തിരുവനന്തപുരം പേരൂർക്കട SAP പരേഡ് ഗ്രൗണ്ടിൽ നടത്തും. മുഖ്യമന്ത്രി പിണറായി വിജയൻ പരേഡിന്റെ അഭിവാദ്യം സ്വീകരിക്കും.

✪✪✪

വടക്കാഞ്ചേരി മണ്ഡലം പട്ടയ മേള വൈകീട്ട് മന്ത്രി K രാജൻ ഉദ്ഘാടനം ചെയ്യും. നിയോജക മണ്ഡലത്തിലെ താമസക്കാരായ 530 കുടുംബങ്ങൾക്ക് ചടങ്ങിൽ പട്ടയം വിതരണം ചെയ്യും.

✪✪✪

പത്തനംതിട്ട പന്തളം വല്ലന സാമൂഹിക ആരോഗ്യ കേന്ദ്രത്തിൽ നിർമ്മിച്ച വനിതാ ജിം - ഷീ വെൽനസ് സെന്റർ മന്ത്രി വീണാ ജോർജ് ഉച്ചകഴിഞ്ഞ് ഉദ്ഘാടനം ചെയ്യും. പന്തളം ബ്ലോക്ക് പഞ്ചായത്ത് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് കേന്ദ്രം നിർമ്മിച്ചത്.

✪✪✪

കോഴിക്കോട്ട് ഖാസി ഫൗണ്ടേഷൻ സംഘടിപ്പിക്കുന്ന പ്രവാസി സംഗമം വൈകിട്ട് മന്ത്രി.V. അബ്ദുറഹിമാൻ ഉദ്ഘാടനം ചെയ്യും. ചടങ്ങിൽ 'കിടപ്പാടം ഭവന പദ്ധതി' രണ്ടാം ഘട്ടം മന്ത്രി AK ശശീന്ദ്രനും ഉദ്ഘാടനം ചെയ്യും.

✪✪✪

മലപ്പുറം ജില്ലയിലെ എടക്കര - നാടുകാണി ചുരം അന്തർസംസ്ഥാന റോഡിന് തമിഴ്നാട് ഗവൺമെന്റ് ആറ് കോടി അനുവദിച്ചു. വഴിക്കടവ് മുതൽ തമിഴ്നാട് അതിർത്തിവരെ നാടുകാണി ചുരം കേരളം നവീകരിച്ചിരുന്നു. തമിഴ്നാട് ഭാഗത്തെ തകർന്ന റോഡിന്റെ പ്രവൃത്തിക്കാണ് ഇപ്പോൾ ഫണ്ട് ലഭിച്ചത്. കേരള

അതിർത്തി മുതൽ നാടുകാണി ജംഗ്ഷൻ വരെ നാലുകിലോമീറ്റർ റോഡാണ് പുനർനിർമിക്കുന്നത്.

✪✪✪

തിരുവനന്തപുരം മാർഇവാനിയോസ് കോളജ് പ്ലാറ്റിനം ജൂബിലി ആഘോഷങ്ങൾക്ക് ഇന്ന് തുടക്കമാകും. ആഘോഷങ്ങളുടെ ഭാഗമായി പതാക- ദീപശിഖാ ഘോഷ യാത്രകൾ കൊളേജിലെത്തി. പട്ടം സെന്റ് മേരിസ് കത്തിഡ്രലിലെ മാർ ഇവാനിയോസിന്റെ കബറിടത്തിൽ നിന്നും പകർന്ന ദീപം ബിഷപ്പ് മാത്യൂസ് മാർ പോളികാർപ്പസ് വിദ്യാർത്ഥികൾക്ക് കൈമാറി.

✪✪✪

മേൽപ്പാല നിർമ്മാണവുമായി ബന്ധപ്പെട്ട് തിരുവനന്തപുരം ഈഞ്ചക്കൽ ഭാഗത്ത് രാത്രി ഗതാഗത ക്രമീകരണങ്ങൾ ഇന്ന് നിലവിൽ വരും. ഈ മാസം ഒൻപതു വരെയാണ് നിയന്ത്രണം. രാത്രി 11 മുതൽ പുലർച്ചെ 5 വരെ വാഹനങ്ങൾ വഴിതിരിച്ചു വിടും.

✪✪✪

---

*News Editor : ശ്രുതി എം*
*News Reader: അനിൽ ചന്ദ്രൻ*
*NRT: രജിന കെ*
*DEO: ഷീബ*